**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5395** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ മൂല്യനിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾക്ക് പരിഹാരം കാണുവാൻ മൂല്യനിർണയ ഓഫീസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ മൂല്യനിർണ്ണയ ആഫീസർമാരായി സേവനമനുഷ്ഠിച്ച് വരുന്നുണ്ട്. |
| (ബി) | സഹകരണ സ്ഥാപനങ്ങളിൽ സ്വർണ്ണ ഉരുപ്പടികൾ പണയം വയ്ക്കുമ്പോൾ ആയത് പരിശോധിക്കുന്നതിന് വിദഗ്ധമായ പരിശോധനാ രീതിയില്ലാത്തത് തട്ടിപ്പുകൾ കൂടുന്നതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (ബി) | സ്വർണ്ണപ്പണ്ട പണയ വായ്പ അനുവദിക്കുമ്പോൾ ഈടായി സ്വീകരിക്കുന്ന സ്വർണ്ണാ ഭരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ടി തൊഴിലിൽ പ്രാവീണ്യമുള്ള അപ്രൈസർമാരുടെ സേവനം ലഭ്യമാക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി മാത്രമേ ടി വായ്പയുമായി ബന്ധപ്പെട്ട ഉപനിബന്ധന അംഗീകരിച്ച് സ്വർണ്ണ പണയ വായ്പ നൽകുന്നതിന് സഹകരണവകുപ്പ് അനുമതി നൽകുകയുള്ളൂ. സംഘത്തിന് പുറത്തുള്ള അപ്രൈസർമാരുടെ സേവനം ഉപയോഗപ്പെടുത്തി വകുപ്പ് ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. നിലവിൽ സംഘം തലത്തിൽ ഉള്ള അപ്രൈസർ അല്ലെങ്കിൽ പരിശീലനം ലഭിച്ച സംഘം സ്റ്റാഫ് സ്വർണ്ണ പണയ ഉരുപ്പടികളുടെ ഗുണനിലവാരം പരിശോധിക്കുകയും ഗോൾഡ് പ്യൂരിഫൈയിംഗ് മെഷീൻ ഉപയോഗിച്ചും മൂല്യനിർണ്ണയം നടത്തുന്നു. സഹകരണസംഘം രജിസ്ട്രാറുടെ 19.07.16 ലെ 22/2016, 16.02.2018 ലെ 13/2018 നമ്പർ സർക്കുലർ നിർദ്ദേശപ്രകാരം സംഘം ഭരണസമിതി അംഗങ്ങൾ ഉൾപ്പെടുന്ന സമിതിക്ക് ടി വിഷയത്തിൽ ഉത്തരവാദിത്വം നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്ട്രാറുടെ 13/18 സർക്കുലർ പ്രകാരം സ്വർണ്ണപ്പണയ വായ്പാ വിതരണം എല്ലാ സഹകരണ സംഘങ്ങളും ഓരോ മൂന്നുമാസം കൂടു മ്പോഴും സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണ ഉരുപ്പടികളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പ് |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിന് സംഘം തലത്തിൽ സെക്രട്ടറി /ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽ നിന്നും ഒരു പ്രതിനിധി, ഒരു ഭരണസമിതി അംഗം, ഒരു അപ്രൈസർ എന്നിവർ ഉൾപ്പെട്ട പരി ശോധന കമ്മിറ്റി രൂപീകരിച്ച് ഭൗതിക പരിശോധന നടത്തി വിലയിരുത്തി സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ക്രമക്കേട് കണ്ടെത്തിയ കാര്യങ്ങളിൽ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സർക്കിൾ സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ സഹകരണസംഘം സെക്രട്ടറിമാർക്കും ജീവനക്കാർക്കും സ്വർണ്ണ ഉരുപ്പടികൾ പരിശോധിക്കുന്നതിനുള്ള വിദഗ്ധ ക്ലാസ്സുകൾ നൽകുന്നുണ്ട്. അപ്രകാരം പരിശീലനം നൽകുന്നതുവഴി സ്വർണ്ണപ്പണയവായ്പയിലെ തട്ടിപ്പുകൾ തടയാൻ സാധിക്കുന്നതാണ്. |
| (സി) | സഹകരണ ബാങ്കുകളിൽ ഈട് വയ്ക്കുന്ന വസ്തുക്കളുടെ ആധാരങ്ങളും കരം തീർത്ത രസീതുകളും കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കാൻ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്, ഇൻസ്പെക്ഷൻ എന്നിവയുടെ ഭാഗമായി വായ്പയുമായി ബന്ധപ്പെട്ട ആധാരങ്ങളുടെ രസീതുകളും പരിശോധിക്കാറുണ്ട്. കൂടാതെ ടി വായ്പ അനുവദിക്കുന്നതിന് മുൻപായി സംഘം ചുമതലപ്പെടുത്തിയ നിയമോപദേശകൻ ആധാരം, നികുതിരസീതി, കൈവശാ വകാശ സർട്ടിഫിക്കറ്റ് മുതലായ രേഖകൾ പരിശോധിച്ച് സാധുത ഉറപ്പുവരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് ലഭ്യമായതിനു ശേഷമേ വായ്പ അനുവദിക്കാറുള്ളൂ. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ